# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## പോർണോഗ്രഫി: പോരാടാൻ ഉറച്ച് യു.എസ് ബിഷപ്സ്



അശ്ലീല ദൃശ്യങ്ങളുടെ നിർമാണത്തിനും ഉപയോഗത്തിനുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് യു.എസ് മെത്രാൻ സമിതി. 'നിർമലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ; പോർണോഗ്രഫിയോടുള്ള അജപാലന സമീപനം' എന്ന തലക്കെട്ടിൽ ബാൾട്ടിമൂറിൽ നടന്ന ബിഷപ്പുമാരുടെ സമ്മേളനം പാസാക്കിയ പ്രസ്താവന ഇതിനകംതന്നെ ചർച്ചയായിട്ടുണ്ട്. ഇന്റർനെറ്റിൽ സ്പാനിഷിലും ഇംഗ്ലീഷിലും ലഭ്യമായ പതിപ്പിന്റെ സംഗ്രഹം പ്ര സിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ് ബിഷപ്പുമാർ.

പോർണോഗ്രഫിക്കെതിരെ യു. എസ് ബിഷപ്പുമാർ ആദ്യമായാണ് ഇപ്രകാരമുള്ള പ്രസ്താവന പുറപ്പെടുവിക്കുന്നത്. പോർണോഗ്രഫി വ്യക്തികളിലും കുടുംബങ്ങളിലും സൃഷ്ടിക്കുന്ന വെല്ലുവിളികളെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രസ്താവനയിൽ,സഭയും സമൂഹവും ഇതിന്റെ ദൂഷ്യവശങ്ങൾ എപ്രകാരം ചെറുക്കണമെന്നും വിശദീകരിക്കുന്നു. പ്രസ്താവന പോർണോഗ്രഫിയുടെ അപലപനം മാത്രമല്ല, ദൈവം കരുണാമയനാണെന്ന ഫ്രാൻസിസ് പാപ്പയുടെ ചൈതന്യം ഉൾക്കൊണ്ടു ള്ള സന്ദേശം നൽകുന്നുവെന്നും വിവാഹത്തിനും കുടുംബ ജീവിതക്കാർക്കുമായുള്ള യു.എസ് ബിഷപ്സ് കമ്മിറ്റി ചെയർമാൻ ബിഷപ്പ് റിച്ചാർഡ് ജെ. മാലോൺ പറഞ്ഞു.

'ഈ പ്രസ്താവനയിലൂടെ പോർണോഗ്രഫിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും സഭ എങ്ങനെയാണ് ഇതിന് അടിമകളായവരെ സൗഖ്യത്തിലേക്ക് കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു. കുമ്പസാരത്തിന്റെ വേളകളിൽ കൂടുതലായി ഇതിന് അടിമപ്പെട്ടുപോയവരെക്കുറിച്ച് ബോധ്യം ലഭിച്ചതാണ് ഈ രേഖ പ്രസിദ്ധീകരിക്കാൻ പ്രചോദനമെന്ന് രേഖ തയാറാക്കുന്നതിൽ സഹകരിച്ച മിയാമി ആർച്ച്ബിഷപ്പ് തോമസ് വെൻസ്കി പറഞ്ഞു. നിരവധിപേർ കുറ്റബോധംപേറി ജീവിക്കുന്നവരാണെന്നും പല വിവാഹബന്ധങ്ങളുടെയും തകർച്ചയ്ക്ക് പിന്നിൽ പോർണോഗ്രഫിയാണെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

'ഇന്റർനെറ്റും സ്മാർട്ട്ഫോണും അതിൽതന്നെ നന്മയാണെങ്കിലും പോർണോഗ്രഫിപോലെ

മോശമായ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് അതിലൂടെ അവസരം ലഭ്യമാകുന്നു. ഇതിൽ അകപ്പെട്ടുപോയവർക്ക് ദൈവത്തിന്റെ കരുണ ലഭ്യമാണ്. കുമ്പസാരത്തിലൂടെ പാപം ഏറ്റുപറഞ്ഞ് ഇതിൽനിന്ന് മോചനം നേടാം. 'പോർണോഗ്രഫിക്ക് അടിമപ്പെട്ടുപോയവർക്ക് കൗൺസിലിംഗിലൂടെയും മറ്റ് സപ്പോർട്ട് ഗ്രൂപ്പുകളിലൂടെയും സൗഖ്യം നേടാൻ സാധിക്കും,' ആർച്ച്ബിഷപ്പ് വെൻസ്കി വ്യക്തമാക്കി.

കടപ്പാട്: us.sundayshalom.com